# CAREER Updates
# പത്രവൃത്താന്തം

**23.07.2024 (ചൊവ്വ)**



➪ 2024 ജൂലൈയിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവേ റിപ്പോർട്ട് പ്രകാരം നടപ്പുസാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ചാനിരക്ക് എത്ര ശതമാനമായിരിക്കും?

✔ 6.5–7%

- റിസർവ് ബാങ്ക് അടക്കമുള്ള ഏജൻസികളുടെ റിപ്പോർട്ട് അനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്ക് 7.2% ആയാണ് നിജപ്പെടുത്തിയിരുന്നത്. രാജ്യാന്തര സാഹചര്യങ്ങൾ മാറിയ പശ്ചാത്തലത്തിലാണ് കേന്ദ്രസർക്കാർ കുറഞ്ഞ വളർച്ചാശതമാനം രേഖപ്പെടുത്തിയത്.
- കഴിഞ്ഞ സാമ്പത്തിക വർഷം (2022–23) ഇന്ത്യയുടെ വളർച്ചാനിരക്ക് 8.2% ആയിരുന്നു. എന്നാൽ 2023-ൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവേയിലെ അനുമാനം 6% മുതൽ 6.8% വരെയായിരുന്നു.

➪ 2024-ലെ പാരീസ് ഒളിമ്പിക്സിനു ശേഷം രാജ്യാന്തര ഹോക്കിയിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച മലയാളി ഗോൾകീപ്പർ

✔ പി.ആർ. ശ്രീജേഷ്

- 2006-ൽ ഇന്ത്യൻ ഹോക്കി ടീമിന്റെ ഭാഗമായ പി.ആർ. ശ്രീജേഷിന്റെ കരിയറിലെ നാലാമത്തെ ഒളിമ്പിക്സാണ് 2024-ലേത്. 2017-ൽ പത്മശ്രീയും 2021-ൽ ഖേൽരത്നയും നൽകി രാജ്യം ഇദ്ദേഹത്തെ ആദരിച്ചു.

➪ 2024 ജൂലൈയിൽ നടന്ന ഗോഥിയ സ്പെഷ്യൽ ഒളിമ്പിക്സ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായത്

✔ ഇന്ത്യ

- 2024-ലെ ഗോഥിയ സ്പെഷ്യൽ ഒളിമ്പിക്സ് ചാമ്പ്യൻഷിപ്പിന് വേദിയായത് സ്വീഡൻ ആണ്. അവസാന മത്സരത്തിൽ ഡെന്മാർക്കിനെ പരാജയപ്പെടുത്തിയാണ് ടീം ഇന്ത്യ ജേതാക്കളായത്.

CAREER GUIDANCE BUREAU

➪ കേരളത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി മന്ത്രി സ്ഥാനം (മുഖ്യമന്ത്രി ഒഴികെ) വഹിച്ച വ്യക്തി എന്ന റെക്കോഡ് 2024 ജൂലൈയിൽ സ്വന്തമാക്കിയത്

✔ എ.കെ. ശശീന്ദ്രൻ

- തുടർച്ചയായി 2365 ദിവസം (6 വർഷം 5 മാസം 23 ദിവസം) മന്ത്രിസ്ഥാനം വഹിച്ചതോടെയാണ് എ.കെ. ശശീന്ദ്രൻ റെക്കോഡ് നേടിയത്. രണ്ടാം അച്യുതമേനോൻ മന്ത്രിസഭയിലെ ബേബി ജോൺ, കെ. അവുക്കാദർക്കുട്ടി നഹ, എൻ.കെ. ബാലകൃഷ്ണൻ എന്നിവരുടെ റെക്കോഡ് (2364 ദിവസം) ആണ് എ.കെ. ശശീന്ദ്രൻ മറികടന്നത്.

➪ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ പരമോന്നത പുരസ്കാരമായ ഒളിമ്പിക് ഓർഡറിന് 2024 ജൂലൈയിൽ അർഹനായ ഇന്ത്യൻ ഷൂട്ടിംഗ് ഇതിഹാസം

✔ അഭിനവ് ബിന്ദ്ര

➪ 2024 ജൂലൈയിൽ മുംബൈ ഡോക്ക്യാർഡിൽ വച്ച് തീപിടിച്ച ഇന്ത്യൻ നാവികസേനയുടെ യുദ്ധക്കപ്പൽ

✔ ഐ.എൻ.എസ്. ബ്രഹ്മപുത്ര

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999